
# ഇ-മുകുളങ്ങൾ



## ജി. എച്ച്. എസ്. എസ് തോലനൂർ



# മുഖമൊഴി

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെറ ഭാഗമായി പൊതു വിദ്യാലയങ്ങളെല്ലാം ഹൈ-ടെക്ക് ആക്കിയല്ലോ! ക്ലാസ് മുറികളിലെ വിജ്ഞാനം കുട്ടികളുടെ കൈവിരലുകളിൽ വിരാജിക്കുകയാണല്ലോ! വിദ്യാർത്ഥികളുടെ എല്ലാത്തരത്തിലുള്ള നൈപുണികളെയും പരിപോഷിപ്പിക്കുകയെന്നതാണല്ലോ വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികളുടെ നൈസർഗികമായ കഴിവുകൾ കണ്ടെത്താനും പ്രദർശിപ്പിക്കാനുമൊക്കെയായി ക്ലാസ്തല മാസികകൾ, സ്കൂൾതല മാസികകൾ എന്നീ ആശയങ്ങൾ വളരെ മുമ്പ് തന്നെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വിവരസാങ്കേതിക വിദ്യയുടെ വളർച്ചയും, ഹൈ-ടെക്ക് ക്ലാസ് മുറികളുടെ ആഗമനവും ഇ-മാസിക എന്ന ആശയത്തിന് തുടക്കമിട്ടിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പും കൈറ്റ് കേരളയും സംയോജിതമായി നടപ്പിലാക്കുന്ന ഈ ആശയം താർച്ചയായും വിദ്യാർത്ഥികളുടെ സൃഷ്ടികൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശോഭിക്കാനാവുമെന്ന കാര്യത്തിൽ സംശയമില്ല. കുട്ടികളുടെ സൃഷ്ടികൾക്ക് പരിമിതികളേറെയുണ്ടാകും, എന്നാലും അവരുടെ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കാനായി ഈ സംരംഭം ഒരു തുടക്കമാവുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. തികച്ചും ഗ്രാമീണന്തരീക്ഷത്തിൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൻെറ ഇന്നേവരെയുണ്ടായിട്ടുള്ള എല്ലാ ഉയർച്ചയും, വിദ്യാലയത്തിലെ അദ്യാപ,കരുടെയും രക്ഷാകർത്ത്യപ്രതിനിധികളുടെയും നിസീമമായ സഹകരണം ഒന്നുകൊണ്ടുമാത്രമാണ് ഈ സരസ്വതിക്ഷേത്രത്തിൻെറ സാരഥ്യം വഹിക്കുന്ന വ്യക്തിയെന്ന നിലയിൽ ഈ മഹത് സംരംഭത്തെ വിജയിപ്പിക്കുന്നതിനായി ഏവരുടെയും അനുഗ്രഹാശിസ്സുകൾ എന്നും പ്രതീക്ഷിച്ച കൊള്ളുന്നു

***ഗീതാകുമാരി. കെ (ഹെഡ്മിസ്ട്രസ്)*** ***ജി.എച്ച്.എസ്.എസ് തോലനൂർ***

## ഉള്ളടക്കം


1. സ്കൂൾ ചരിത്രം ..........................4-5
2. പ്രളയം@2018 ..........................6-7
3. കലിതുള്ളി പ്രകൃതി .........................8
4. എന്റെ മനസ്സിൽ തട്ടിയത് .........................8
5. പേരക്ക ........................9
6. ശാസ്ത്രവും സാങ്കേതിക വിദ്യയും ........................10-11
7. വായനക്കുറിപ്പ് ......................12-13
8. രണ്ടാനമ്മയുടെ ഗതികേട് ........................14-15
9. കേരളം ......................16
10. സ്വാതന്ത്ര്യം ......................17
11. കൗതുകം ......................18-19
12. മോഷ്ടാവായ വൈദ്യൻ .......................20-21
13. പ്രളയം .....................22
14. പ്രളയത്തിൽ എനിക്കുണ്ടായ അനുഭവം.....................23

# തോലനൂർ ഗവൺമെണ്ടു ഹയർ സെക്കണ്ടറി സ്കൂൾ ചരിത്രം



1903 ൽ ഇന്നത്തെ തോലനൂർ പോസ്റ്റോഫീസിനു സമീപം ശ്രീ.കുമാരദാസ് മാസ്റ്റർ ആദ്യമായി ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചു.ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ക്ലാസുകളായിരുന്നു.ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിൽ ഉള്ള അപ്പർപ്രൈമറി സ്കൂളായി വളരെക്കാലം ഒരു വാടക കെട്ടിടത്തിലാണ് ഈ വിദ്യാലയം പ്രവർത്തിച്ചിരുന്നത്. 1967 ൽ ഇന്നു കാണുന്ന സ്ഥലത്തേക്കു മാറ്റി. തുടർന്ന് ഇതൊരു ഹൈസ്കൂളായി ഉയർത്തി. 1972 ൽ വാടക കെട്ടിടത്തിൽ നിന്നും സ്ഥിരം കെട്ടിടത്തിലാക്കി ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ രണ്ടു വീതം ഡിവിഷണുകൾ ഉണ്ടായിരുന്നു. കുമാരദാസ് മാസ്റ്റർക്കു ശേഷം ശ്രീ.നാരായണൻ മാസ്റ്ററായിരുന്നു പ്രധാന അധ്യാപകൻ.

ശ്രീ. കോവിലങ്കൽ കുഞ്ഞാണ്ടു,ശ്രീ. ഓണങ്കോട് നാവൂർ റാവുത്തർ എന്നിവർ എട്ടേക്കറോളം വരുന്ന സ്ഥലം ഈ സ്കൂളിനു വേണ്ടി ഗവൺമെണ്ടിനു നൽകി.തുടർന്ന് D.P.E.P. , ജില്ലാ പഞ്ചായത്ത്,എം.പി. എം. എൽ.എ.ഫണ്ടുകളുപയോഗിച്ച് ഇന്നു കാണുന്ന മറ്റു കെട്ടിടങ്ങളും നിർമ്മിച്ചു.എസ്.എസ്.എ. ഫണ്ടുപയോഗിച്ചുള്ള മറ്റൊരു കെട്ടിടത്തിണ്ടെ പണി തുടർന്നുകൊണ്ടിരിക്കുന്നു.2004 ൽ ഈ വിദ്യാലയം ഹയർ

സെക്കണ്ടറി സ്കൂളായി ഉയർത്തി. സയൻസ്,ഹ്യുമാനിറ്റീസ് എന്നീ ബാച്ചുകളാണ് അനുവദിച്ചിരിക്കുന്നത്. ഇന്ന് പ്രീ പ്രൈമറി മുതൽ പ്ലസ് ടു വരെ ക്ലാസ്സുകൾ ഇവിടെ നടക്കുന്നു.സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കർഷകത്തൊഴിലാളികളുടേയും കർഷകരുടെയും ആയിരത്തോളം വിദ്യാർത്ഥികളും അമ്പത് അധ്യാപകരും നാലനധ്യാപകരും ഇവിടുണ്ട്. സ്കൂൾ ലൈബ്രറി, റീഡ്ംഗ് റൂം, എഡ്യൂസാറ്റ് സൗകര്യം, ശാസ്ത്രപോഷിണി ലാബുകൾ, കമ്പ്യൂട്ടർ ലാബ്, നല്ലൊരു കളിസ്ഥലം, ആവശ്യത്തിനു ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മെയിൽ ടീച്ചേഴ്സിലും, ഫീമെയിൽ ടീച്ചേഴ്സിനും പ്രത്യേകം പ്രത്യേകം കക്കൂസുകളും, മൂത്രപ്പുരകളും, കുടിവെള്ള സൗകര്യങ്ങളും ഈ വിദ്യാലയത്തിലുണ്ട്. ദേശീയ ഹരിതസേന, ലൗഗ്രീൻ ക്ലബ്ബ്, ഔഷധത്തോട്ടം, സാമൂഹ്യ വനവൽക്കരണം തുടങ്ങിയ ക്ലബ്ബുകളുടെ സജീവ പ്രവർത്തനം നടക്കുന്നുണ്ട്. ലിറ്റിൽ കൈറ്റ്സ്, ജെ.ആർ.സി.പ്രവർത്തനങ്ങൾ മുതലായവ നല്ല  രീതിയിൽ നടക്കുന്നു.ഇപ്പോൾ ഹൈസ്കൂൾ ഭാഗം ഹെഡ്മിസ്ട്രസായി ശ്രീമതി.ഗീതാകുമാരിയും,പ്ലസ് ടു വിഭാഗംപ്രിൻസിപ്പലായി മധുസൂധനനും സേവനമനുഷ്ഠിക്കുന്നു.

# പ്രളയം @ 2018

സി ജയരാജൻ



കേരളനാട്ടിൽ പ്രളയം വന്നു
ആളുകളാകെ കഷ്ടത്തിലായി
കനത്തു പെയ്യും മഴയോടൊപ്പം
ഡാമുകളെല്ലാം തുറന്നും വിട്ടു
പുഴകൾ കവിഞ്ഞു വഴികൾ നിറഞ്ഞു
റോഡുകൾ മുങ്ങി വീടുകൾ മുങ്ങി
മലകൾ തകർന്നു വീടു നശിച്ചു
അടിയിൽ പെട്ടവരെല്ലാം തീർന്നു
മലയോരത്തെ മണിമാളികകൾ
മണ്ണിൽ താഴ്ന്നു നൊടിനേരത്തിൽ
പുഴയോരത്തെ ഇരുനിലവീടും
പുഴയോടൊപ്പം വെള്ളത്തിലായി
ആടും മാടും കോഴിയുമുൾപ്പെടെ
കാലിക്കൂട്ടം നശിച്ചൊടുങ്ങി
കർഷകജനത കണ്ണീരിലായി
കേരള ജനത കഷ്ടത്തിലായി
കേരളമെങ്ങും പല ഭാഗത്തായ്
ദുരിതാശ്വാസ ക്യാമ്പു തുറന്നു
ചാനലുകാരുടെ ലൈവ്,ഷോ മൂലം

# ഇ -മുകങ്ങൾ

പ്രളയത്തിന്റെ തീവ്രത കണ്ട
ഭാരതമക്കൾ ക്യാമ്പുകളിലേക്ക്
പലവിധമുള്ള സഹായം ചെയ്തു
ലോഡു കണക്കിനു സാധനമെത്തി
പലപല ജില്ലാ കേന്ദ്രങ്ങളിലായ്
വെള്ളം മുങ്ങിയ വീട്ടിൽ പെട്ടവർ
രക്ഷിക്കാനായ് മുറവിളി കൂട്ടി
രക്ഷാദൗത്യം ഊർജ്ജിതമാക്കാൻ
കേരളമുഖ്യൻ മുന്നിൽ നിന്നു
കടലിൻ മക്കൾ ബോട്ടുമായ് വന്നു
നൂറു കണക്കിനു ജീവൻ കാത്തു
പലവിധ കേരള സേനയിലുള്ളവർ
അവരാൽ കഴിയും രക്ഷകൾ ചെയ്തു
വീട്ടിനു മുകളിലകപ്പെട്ടോരേ
നേവി കോപ്റ്ററ്റർ രക്ഷപെടുത്തി
കേരള ജനത ഒറ്റക്കെട്ടായ്
പ്രളയ ദിനങ്ങളെ അതിജീവിച്ചു
പ്രളയം തീർന്നു...ഹർത്താലായി
കോടതി വിധികൾ...സമരച്ചൂടായ്
നവകേരളമൊരു സ്വപ്നം മാത്രം !?
ഒന്നിപ്പിക്കാൻ ഇനിയും വരണോ
മറ്റൊരു ദുരിതം കേരളമണ്ണിൽ !?

## കലിതുള്ളി പ്രകൃതി



ജനനി നിൻ മുൻപിൽ നിൽക്കുന്നു ഞങ്ങൾ
ആശ്രയമില്ലാതെ തൊഴുകൈകളാൽ
മനുഷ്യരെന്ന ഞങ്ങൾ ചെയ്തിട്ടും
കർമത്തിൻ ഫലത്തിനും അവസാനം.

വർഷമിതാ പെയ്തിറങ്ങി
ഭൂമിതൻ മടിത്തട്ട് നിറഞ്ഞു തുളുമ്പി.
പ്രളയമെന്നൊരു മഹാസാഗരമൊരുക്കി-
തലചായ്ക്കാനൊരു ഇടമില്ലാതെ-
അമ്മേ നിൽക്കുന്നു ഞങ്ങൾ നിൻ മുൻപിൽ.

അറിഞ്ഞും അറിയാതെയും
ഈ പ്രളയം കേറി വന്നു
സ്വന്തം മക്കളെ തൊട്ടുവന്നു
മറക്കില്ല പ്രളയമെ നിൻ ബുദ്ധി-
ഒരിക്കലും മനുഷ്യർ ഉള്ള കാലം.

അഭിനവ്.ജി

## എൻെറ മനസ്സിൽ തട്ടിയത്



വിഷ്ണു.എ

പ്രളയ ദുരന്തം എൻെറ മനസ്സിൽ ആഴത്തിൽ പതിച്ചില്ല,എന്നാലും എന്തോ പോലെ.ഞാൻ എൻെറ മനസ്സിൽ ഒരിക്കലും എന്ന് കരുതിയിരുന്നില്ല കേരളം ഇങ്ങനെയായി പോവും ഇതിന് എല്ലാത്തിലും കാരണം മനുഷ്യർ തന്നെ.പുഴകളുടെ അരികത്ത് സ്ഥലം കൈയ്യേറി-കൈയ്യേറി വീട് വെച്ചപ്പോൾ നദിക്ക് ഒഴുകുവാൻ വഴിയില്ലാതെയായി.അപ്പോൾ നദി വീടുകളിലൂടെ ഒഴുകി. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നദിയിൽ എറിയുമ്പോൾ ആരും ചിന്തിക്കില്ല അത് ഒരുകാലത്ത് നമുക്കു തന്നെ തിരിച്ചടിയായിത്തീരും എന്ന്. നദിയെ വേദനിപ്പിച്ചപ്പോൾ ആരും കരുതിയിരുന്നില്ല നദിക്ക് ഒരു മഴ എന്ന സുഹൃത്ത് ഉണ്ടെന്ന്, വീട് നശിച്ച് വെള്ളം കയറി മണ്ണ് അടിഞ്ഞ് കുറെ ആളുകൾ വഴിയാധാരവുമായി. എന്ത് ദയനീയമായ കാഴ്ച ആയിരുന്നു അത്.

## പേരക്ക



റസീന.ആർ

ഒരു പേര മരത്തിൽ ധാരാളം കുഞ്ഞു പേരക്കകൾ ഉണ്ടായിരുന്നു.പേരക്കകൾ പഴുത്തു വരുന്നതിനു മുമ്പ് തന്നെ കുറെ വികൃതിക്കുട്ടികൾ അത് പറിച്ചെടുക്കുമായിരുന്നു.ഒരു കുഞ്ഞു പേരക്ക ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അടുത്ത ഇര താനാണല്ലോ എന്നോർത്ത് ആ കുഞ്ഞു പേരക്ക വിഷമിച്ചിരിക്കുകയായിരുന്നു.

ഒരു നാൾ ഒരു കുഞ്ഞിക്കുരുവി പേരക്ക മരത്തിൽ വന്നിരുന്നപ്പോൾ കുഞ്ഞു പേരക്ക തന്റെ വിഷമം കുരുവിയോട് പറഞ്ഞു.

“കുഞ്ഞിക്കുരുവി, വികൃതിക്കുട്ടികളിൽ നിന്ന് എന്നെ രക്ഷിക്കാൻ ഇലകളെ കൊണ്ട് ഒന്ന് പൊതിഞ്ഞു വെക്കാമോ?”

കുഞ്ഞു പേരക്ക കുരുവിയോട് സഹായം ചോദിച്ചു.കുഞ്ഞിക്കുരുവി കുഞ്ഞു പേരക്കയെ ഇലകൾ കൊണ്ട് മറച്ചു വെച്ചു.

കുറെ നാളുകൾ കഴിഞ്ഞപ്പോൾ പേരക്ക വളർന്നു വലുതായി. മൂത്തു പഴുത്തു.പേരമരത്തെ എപ്പോഴും നനച്ചു കൊണ്ടിരുന്ന അനാദയായ ഒരു പെൺ കുട്ടിയുണ്ടായിരുന്നു അവിടെ. പലപ്പോഴും അവൾ വിശന്നു കരയുന്ന കുഞ്ഞു പേരക്ക കണ്ടിട്ടുണ്ട്. അവൾ പതിവു പോലെ നനക്കാൻ വന്നപ്പോൾ വലുതായ കുഞ്ഞു പേരക്ക ഇലകൾക്കിടയിൽ നിന്നും തന്റെ മുഖം പുറത്തു കാണിച്ചു. കൊച്ചു പെൺകുട്ടി പഴുത്ത പേരക്ക കണ്ട്, സന്തോഷത്തോടെ അത് പറിച്ചെടുത്ത് കഴിച്ചു.അർഹമായ ആളിനു തന്നെ തീറ്റയാവാൻ കഴിഞ്ഞതിൽ കുഞ്ഞു പേരക്ക ആനന്ദിച്ചു.

റസീന.ആർ

## ശാസ്ത്രവും സാങ്കേതിക വിദ്യയും



- ഹർഷ
- 
- സുസ്ഥിര ഭാവിയിൽ ശാസ്ത്രവും സാങ്കേതികവും ശാസ്ത്രവും സാങ്കേതിക വിദ്യയും യാഥാർത്ഥ ശക്ഥിയാണ്. ശാസ്ത്രീയ പുരോഗതി ഒരു അംഗത്തിന്റെ മുഖമുദ്രയാണ്. മലയാള ഭാഷയിലെ സുസ്ഥിരമായ ഭാവിലേഖനത്തിനായി നിങ്ങളുടെ ചോദ്യത്തിന് ശാസത്രവും സാങ്കേതിക വിദ്യയും ഒരു ഉത്തരം കണ്ടെത്തുക സുസ്ഥിര ഭാവി കെട്ടിടം കെട്ടിപ്പടുക്കാൻ ശാസ്ത്രവും സാങ്കേതിക വിദ്യയുമുള്ള പങ്കം ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്ന വിഷയമായിമാറിയിരിക്കുന്നു. കൂടെ ശാസ്ത്രത്തിലൂടെ
  അറിവും ഉപജ്ഞാതയും സൃഷ്ടിക്കുന്നത് നമുക്ക് കണ്ടെത്താൻ നമ്മെ പ്രാപ്തരാക്കുന്നു. ഒരു രാജ്യത്തിനു മാത്രമേ സുസ്ഥിര വികസനത്തിന് അന്താരാഷ്ട്രാ തലത്തിൽ നേടാനാകൂ എന്നതിനാൽ ഉചിതമായ ശാസ്ത്രവും സാങ്കേതികവിദ്യയുടെ നിക്ഷിപ്ത-വികാസ വർദ്ധന വളർത്തുന്നു.
  സുസ്ഥിരമാണ് സയൻസ്, ടെക്നോളജി, മെഡിസിൻ എന്നിവയുടെ ലെൻസിലൂടെ വീക്ഷിക്കുമ്പോൾ സുസ്ഥിര വികസനത്തിനുള്ള അവസരങ്ങളിലേക്ക് ജൂണിലെ തീം ഇച്ചുന്നു. സുസ്ഥിര വികസനൾക്കുള്ള നൂതനത്വത്തെക്കുറിച്ചുള്ള ഒരു പ്രബന്ധം പരിണാമ സിദ്ധാന്തം സാങ്കേതിക വികാസത്തിന്റെ പാറ്റേണുകളെ വിശദീകരിക്കുന്നു. നമ്മുടെ കാഴ്ചപ്പാടിൽ ആഫ്രിക്കൻ ജേണൽ ഓഫ് സയൻസ് ടെക്നോളജി,ഇന്നൊവേഷൻ ആൻഡ് ഡവലപ്മെന്റ് എന്നിവയെ പെരുപ്പിച്ചു കാണിക്കുന്നു. സുസ്ഥിര വികസനത്തിന് ശാസ്ത്രവും സാങ്കേതികതയും നവീകരണവും. മൈക്കൽ ബോർട്ട്,ജൂലിയോ മിഗ്വെൽ
  റോസ, ജൊഹാൻ ബോയിവിൻ, sieid, സ്റ്റാറ്റിസ്റ്റിക്സ്.
- ഗ്രാജേറ്റ് സ്കൂൾ ഉദാഹരണത്തിന് പ്രവേശന പ്രബന്ധം.

# ഇ -മുകുളങ്ങൾ

- പ്രലോഭത്തിന്റെ ഉപദേശം ഉദാഹരണങ്ങലാണ്.
- കമ്മ്യൂണിറ്റി ഫ്യൂച്ചർ ബിസിനസ്സ് പ്ലാൻ ടെംപ്ലേറ്റ്.
- 

കേസ് പഠനത്തിനും ഒറ്റ പരിക്ഷണത്തിനും ഇടയില്ലുള്ള വ്യത്യാസം.
ശാസ്ത്രത്തിന്റെയും സാങ്കേതിക മേഘലയുടെയും പുതിയ കണ്ടുപിടിത്തങ്ങൾ ദൈനംദിനജീവിതത്തിൽ വലിയ പങ്ക് വഹിക്കുകയും ജീവിതശൈലി മുന്നോട്ട് വെയ്ക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾ കാലകാലങ്ങളിൽ സൂക്ഷിക്കുന്നതിനും പുതിയ കണ്ടുപിടിത്തങ്ങളെ പറ്റയുള്ള അവരുടെ പൊതുവിജ്ഞാനം പരിശോധിക്കുന്നതിനും ശാസ്ത്ര വിഷയങ്ങളിൽ ഉപന്യാസം എഴുതി ഈ വിഷയം കൊടുക്കുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ ഉപന്യാസരചനയിൽ മികച്ച പ്രകടനം നടത്താൻ സഹായിക്കുന്നതിനായി ലളിതമായ ശാസ്ത്ര- സാങ്കേതിക ലേഖനം ഇവിടെ നൽകിയിട്ടുണ്ട്.
പല മേഖലകളിലും ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും പുരോഗതി കൈവരിച്ചത് പുരാതന കാലത്തേക്കാൾ കൂടുതൽ ജനകീയമാണ് ശാസ്ത്ര സാങ്കേതികവിദ്യയിലെ പുരോഗതി ഒരു വശത്ത് ജനങ്ങളുടെ ജീവിതരീതി നേരിട്ട് പ്രകടമായുംസ്വാധീനിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അത് ജനങ്ങളുടെ ആരോഗ്യത്തെ മറികടന്ന് പരോക്ഷമായും പ്രതികൂലമായും ബാധിക്കുന്നു.മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ശക്തവും വികസിക്കുന്നതുമായ ഒരു രാജ്യം രാജ്യത്തിന് വേണ്ടി അത്തരം ഒരു ആധുനിക ലോകത്ത് ശാസ്ത്ര സാങ്കേതിക രംഗത്തെ പുതിയ കണ്ടുപിടിത്തങ്ങൾ അത്യന്താപേക്ഷിതമാണ്. ഈ മത്സരാത്മക ലോകത്തിൽ മുന്നോട്ട് പോകാനും ജീവിതത്തിൽ വിജയകരമായ ഒരു വ്യക്തിയാകാനും നമുക്ക് കൂടുതൽ സാങ്കേതികവിദ്യ ആവശ്യമാണ്.

# വായനാക്കുറിപ്പ് മാണിക്കത്തമ്പുരാട്ടി

പ്രൊഫ. ജി. ഗോപാലകൃഷ്ണൻ

ഞാൻ വായിച്ച എല്ലാ പുസ്തകങ്ങളെക്കാളും ഇഷ്ടമായ പുസ്തകം 'മാണിക്കത്തമ്പുരാട്ടി'യാണ്. കാരണം കുട്ടികളുടെ സംഭാഷണ കഥയാണിത്. കുറച്ച് ഭാഗങ്ങളായി തിരിച്ചിരിക്കുകയാണ്.'പ്രൊഫ.ജി.ഗോപാലകൃഷ്ണനാണ് ഇത് എഴുതിയത്.ഞങ്ങൾക്ക് എല്ലാവർക്കും വായിക്കാൻ മാത്രമല്ല.സ്റ്റേജിലും മറ്റു പ്രോഗ്രാമിലും അവതരിപ്പിക്കാൻ കഴിയുന്നതുകൂടിയാണ്. ഇത് വായിച്ചാൽ മനംകുളിരുകയും നമുക്ക് അത്യധികം ഇഷ്ടപ്പെടുകയും ചെയ്യും തീർച്ച...

അമ്മ,ചന്തു,രാജ,കണ്ണൻ,ചിരുദേവി,ചിരുത,കോമൻ,രാമൻ,

മുടന്തൻ,ചാപ്പ,കോപ്പൻ,ഇന്ദ്ര,അന്ധ,ദൂതൻ,പാറു,സുന്ദരി,ചീത,

പങ്കി എന്നിവരൊക്കെയാണ് പ്രധാന കഥാപാത്രങ്ങൾ. ഇത് അവതരിപ്പിച്ചിരിക്കുന്നത് ഒരു പ്രത്യേക ഭാഷയിലാണ്. ഇടക്കിടെ പാട്ടും,ചെറിയ പഴഞ്ചൊല്ലുമുണ്ട്. രണ്ടാനമ്മ മക്കളെ ദുഷ്ടത കൊണ്ട് ഉപദ്രവിക്കുന്ന ഭാഗങ്ങളുമുണ്ട്. എനിക്ക് ഇഷ്ടപ്പെട്ട ഭാഗം രണ്ടാനമ്മക്ക് മുമ്പുള്ളതാണ്. ഒന്നാനമ്മ പാവാണ്. മകളോട് സ്നേഹം പ്രകടിപ്പിക്കുകയാണ്. എന്നാൽ രണ്ടാനമ്മ ദേഷ്യവും ദുഷ്ടതയായ ദുഷിച്ച ഭാവവും പ്രകടിപ്പിക്കുന്നു. എന്നിട്ട് മകളെ

## ഇ -മുകുളങ്ങൾ

ഉപദ്രവിക്കുകയും കൊല്ലാൻ ശ്രമിക്കുകയും ഇല്ലാതാക്കാനും ശ്രമിക്കുന്നു.തുടക്കത്തിലുള്ള കുട്ടികളുടെ കളിയും തമാശയും എല്ലാവർക്കും ഇഷ്ടപ്പെടും തീർച്ച... ആര് വായിക്കുകയാണെങ്കിലും വീണ്ടും...വീണ്ടും...

വായിക്കാൻ തന്നെ തോന്നും.

ഷഹനാസ്.എസ്

## രണ്ടാനമ്മയുടെ ഗതികേട്



**മിസ്ന ഫാത്തിമ**

ഒരു നാട്ടിൽ ജാനകി എന്ന കുട്ടിയും അവളുടെ അച്ഛനും അമ്മയും സന്തുഷ്ടമായി ജീവിച്ചിരുന്നു. പെട്ടന്നാണ് അർബുധം ബാധിച്ച് ജാനകിയുടെ അമ്മ മരിക്കുന്നത്.

പിന്നീട് ജാനകിയുടെ ഭാവിയെ ആലോചിച്ച് അച്ചൻ ഹംസൻ വീണ്ടും,ഒരു മകളുള്ള സ്ത്രീയെ വിവാഹം കഴിച്ചു. ആ സ്ത്രീയുടെ പേര് കാരമ്മ എന്നും മകളുടെ പേര് ശ്രുഷ്ട എന്നുമായിരുന്നു.അവർ രണ്ടാളും വളരെ ക്രൂരരായിരുന്നു.ഹംസൻ മറ്റൊരു ജോലി നേടി അന്യരാജ്യത്തേക്ക് ഉടനെ തന്നെ യാത്രയാരംഭിച്ചു.ശേഷം കാരമ്മയും ശ്രുഷ്ടയും വളരെ ക്രൂരമായി ജാനകിയോട് പെരുമാറി.എല്ലാ വീട്ടു ജോലികളും ജാനകിയെക്കൊണ്ട് പ്രവർത്തിപ്പിച്ചു. അങ്ഹനെ കഴിഞ്ഞു വരെ ഒരു നാൾ ജാനകി ഭക്ഷ്യവസ്തുക്കൾ വാങ്ങാനായി കടയിലേക്ക് പോയി,തിരിച്ചു വരുമ്പോൾ ജാനകി കണ്ട കാഴ്ച ഒരു മുത്തശ്ശി വിശന്ന് തളർന്നിരിക്കുന്നതാണ്. ജാനകി അടുത്ത് പോയി കാര്യം എന്താണെന്ന് അന്വേഷിച്ചു. കാര്യം അരിഞ്ഞല ജാനകി തൻെറ കൈയ്യിലുണ്ടായിരുന്ന ഒരു പഴം ആ മുത്തശ്ശിക്ക് കൊടുത്തു.

പിന്നീട് ജാനകി അവിടെ നിന്ന് പോയി, അപ്പോൾ ആ മുത്തശ്ശി പെട്ടന്ന് ഒരു ദേവതയായി ആ ദേവത മന്ത്രിച്ചു ആ കുട്ടി സംസാരിക്കുമ്പോൾ മുത്തും പവിഴവും വരാൻ തുടങ്ങി. കാരമ്മ കാര്യം ചോദിച്ചു. കാര്യം എല്ലാം അറിഞ്ഞ കാരമ്മ മകൾ ശ്രുഷ്ടയോട് കടയിലേക്ക് പോകാൻ പറഞ്ഞു , പറഞ്ഞതു പ്രകാരം ശ്രുഷ്ട പോയി, മുത്തശ്ശിയേയും കണ്ടു,എന്നാൽ പിശുക്കിയായ ശ്രുഷ്ട മനസ്സില്ലാ മനസ്സോടെ ഒരു പഴം മുത്തശ്ശിക്ക് കൊടുത്തു.ഉടനെ തന്നെ ശ്രുഷ്ട സംസാരിച്ചപ്പോൾ ഒന്നും വന്നില്ല. ശേഷം ശ്രുഷ്ട ചോദിച്ചു "എന്താ മുത്തും

പവിഴവും വരാത്തത് ജാലകിയുടെ വായിൽ നിന്ന് വന്നല്ലോ”. ഉടനെ തന്നെ ശ്രുഷ്ടആ മുത്തശ്ശിയുടെ കയ്യിൽ നിന്ന് ആ പഴം വാങ്ങിച്ചു കൊണ്ട് പോയി. പെട്ടന്ന് ആമുത്തശ്ശി ദാവതയായി മാറി സുഷ്ടയെ ശപിച്ചു. ഉടനെ തന്നെ അവളുടെ വായിൽ നിന്ന് പാമ്പും തേളും വരാൻ തുടങ്ങി. ഇതെല്ലാമറിഞ്ഞ കാരമ്മ ദേവതയോട് ക്ഷമ ചോദിക്കാൻ പോയി, പോയപ്പോൾ കണ്ടത് ഒരു കഷ്ണം കടലാസ് മാത്രം. കാരമ്മ വായിച്ചപ്പോൾ മനസ്സിലാക്കിയത് ജാനകിയെ ഉപദ്രവിച്ചതിൻെറ ശിക്ഷയാണെന്ന്.കാരമ്മയിലേക്കും ശ്രുഷ്ടയുടെ അവസ്ഥ പകർന്നു.

# കേരളം



**പുഴയും കാടും പുൽമേടും**

**പൂക്കാലം കൃത പൂവനവും**

**തെങ്ങുകൾ നിറയെ കുലകളുമായ്**

**കാണാനെന്തൊരു അഴകാണ്**

**കടലലയാലൊരു താരാട്ടും**

**തോരാമഴയിൽ നീരാട്ടും**

**എന്നും നീയൊരു ഭാഗ്യവതി**

**കേരളം നിന്നുടെ പേരാണ്.**

അഷിദ

# സ്വാതന്ത്ര്യം



വൈദേശികരുടെ ക്രൂര കരങ്ങൾ
തുടച്ചു നീക്കിയ നേതാക്കൾ
നേടിത്തന്നു അന്നൊരു രാവിൽ
നമുക്കു നേരിൻ സ്വാതന്ത്ര്യം
സത്യ സമത്വം സാഹോദര്യം
നട്ടു വളർത്തിയ പൂന്തോപ്പ്
തിന്മക്കെതിരെൻ നന്മക്കൈകൾ
കോർത്തൊരു സുന്ദര വരവേൽപ്പ്
ഹിന്ദുമുസൽമാൻ ക്രിസ്ത്യനുമെല്ലാം
ഒന്നാണെന്നും ഈ മണ്ണിൽ
അറിവും പൊരുളും വിതറും കൈകൾ
ഒരുമിച്ചീടും ഈ മണ്ണിൽ.

നൈഷാന

# കൗതുകം



ഇളം കാറ്റ് വീശുന്ന മേടപ്പുലരി, അല്ലെങ്കിൽ കിളിയുടെ മധുനാദം കേൾക്കുന്ന ആ പുലരി. ഇതൊക്കെ ആമുഖമായി എഴുതാൻ ഇത് 19-ാം നൂറ്റാണ്ടല്ല, കാലം വളരെ മാറിയിരിക്കുന്നു.മിമിക്രിയും നാടകവും അരങ്ങേറിയിരുന്നതു വലിയ വേദികളിലായിരുന്നു, എന്നാൽ ഇന്ന് മൊബൈൽ ഫോണിലെ tictok-ൽ മാത്രമായി എല്ലാം. അതുകൊണ്ടുതന്നെ രാവിലെ tictok-ൽ നോക്കി ഉണരുകയായിരുന്നു ഞാൻ. ഉണരുമ്പോൾ അറിഞ്ഞിരുന്നില്ല ആ ദിവസം ഇത്ര കൗതകകരമായിരിക്കുമെന്ന്.പതിവില്ലാതെ വന്ന കൂട്ടുകാരിയുടെ ഫോൺ കാൾ ആദ്യം തന്നെ എന്നെ അംഭരിപ്പിച്ചു. ഇതുവരെ ന്യൂസ് ചാനൽ കാണാത്ത അവൾ എന്നോട് ന്യൂസ് കാണാൻ ആവശ്യപ്പെട്ടു.കാര്യം എന്തെന്നറിയാതെ കൗതുകെത്തോടെ ഞാൻ നോക്കി.

ന്യൂസ് കണ്ടപ്പോൾ തന്നെ ഞാൻ വളരെ സന്തോഷിച്ചു. കാര്യം മറ്റൊന്നും  അല്ല വെള്ളപ്പൊക്കം വരാൻ സാധ്യതയുള്ളതിനാൽ കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി പ്രഖ്യാപിച്ചു. കാര്യത്തിന്റെ ഗൗരവം മനസ്സിലായില്ലെങ്കിലും സന്തോഷത്തോടെ ന്യൂസ് ഓഫ് ചെയ്തുകൊണ്ട് വീണ്ടും ഫോണിനുമുന്നിൽ ഇരുന്നു.TikTok- ക്കിൽ തന്നെയായിരുന്നു അപ്പോഴും ഞാൻ. കുറച്ചു സമയങ്ങൾക്കുള്ളിൽ തന്നെ എല്ലാവരുടേയും ദയനീയവസ്ഥകാണിക്കുന്ന വീഡിയോകൾ തുടങ്ങി. വീട്ടിൽ വെള്ളം കയറി പുറത്തിറങ്ങാൻ കഴിയുന്നില്ല, എന്നായിരുന്നു ആദ്യത്തെ പരാതി. പിന്നീട് നിമിഷങ്ങൾക്കുള്ളിൽ വീടുകൾ വെള്ളത്തിലാവുന്ന

വീഡിയോകാണിച്ചു. എന്തുകൊണ്ടോ..... പിന്നീട് ഫോണിൽ നോക്കാൻ
ഞാൻ താൽപര്യപ്പെട്ടില്ല. അധികം വൈകാതെ തന്നെ മറ്റൊരു കോൾ വന്നു. പക്ഷേ.. ഇത് അത്ര രസകരമായിരുന്നില്ല. അച്ഛൻ എറണാകുളം, കൊച്ചിയിലെ വെള്ളപ്പൊക്കത്തിൽ കുടുങ്ങിയെന്ന വാർത്തയായിരുന്നു ആ കോളിൽ ഞാൻ കേട്ടത്. അതിനുശേഷം വീട്ടിൽ എല്ലാവരും ന്യൂസ് ചാനലിനു മുന്നിലായിരുന്നു. എന്നിരുന്നാലും
ഇടയ്ക്കിടേ വരുന്ന അച്ഛന്റെ ഫോൺ കോൾ ഞങ്ങൾക്ക് വളരെ ആശ്വാസമായി. അധികം വൈകാതെ തന്നെ ആ ആഴ്ച എല്ലാ വിദ്യാദ്യാസ സ്ഥാപനങ്ങൾക്കും കളക്ടർ അവധി പ്രഖ്യാപിച്ചു. ഭാഗ്യവശാൽ ചില കൂട്ടുകാരുടെ സഹായത്തോടെ അച്ഛൻ വീട്ടിൽ തിരിച്ചെത്തി. പിന്നീടാണ് ഞാൻ അറിഞ്ഞത് കേരളത്തിന്റെ അവസ്ഥ മാറി മഹാപ്രളയത്തിലേക്ക്
വഴുതിവീണിരിക്കുന്നുവെന്ന്. ഇതിനിടയിൽ ആരോ കർണത്തിൽ ഓതിയതുപോലെ 'പ്രളയരക്ഷയ്ക്കായ് കേരളം ഒന്നാകണം'. വൈകാതെതന്നെ കേരളം ഒന്നിച്ചു പോരാട്ടം ആരംഭിച്ചു. കഷ്ടപ്പാടുകൾക്കൊടുവിൽ വിജയം കണ്ടു. കേരളത്തിന്റെ ഈ അവസ്ഥ കാണുന്ന ഏതു മലയാളിയും ഉച്ചത്തിൽ വിളിച്ചു പറയും; ജാതി, മതം, ദൈവം, പണക്കാരൻ,
പാവപ്പെട്ടവൻ, തൊഴിലാളി, മുതലാളി, സ്ത്രീ, പുരുഷൻ, എന്നിവരെല്ലാം ഒന്നാണെന്നും എവരും മനുഷ്യരാണെന്നും തിരിച്ചറിയാൻ ഇതുപോലൊരു പ്രളയം അനിവാര്യമാണെന്ന്. ഒരുപക്ഷേ ദൈവത്തിന്റെ സ്വന്തം നാടിനെ ഒന്നിച്ചുചേർക്കാൻ പ്രകൃതി നേരിട്ടു ഇറങ്ങിയതുമാവാം........ എന്താണെങ്കിലും എല്ലാം നല്ലതിനായിരുന്നു.

അമൃത.യു

# മോഷ്ടാവായ വൈദ്യൻ

*നൈഷാന*



*ഒരു ഗ്രാമത്തിൽ ആരോരുമില്ലാത്ത ധനികനായ ഒരു വൃദ്ധയുണ്ടായിരുന്നു. അവർക്ക് കാഴ്ച ശക്തി നഷ്ടപ്പെട്ടു. ഒന്നും കാണാൻ പറ്റുന്നില്ല. മുന്നിൽ ഇരുട്ടു മാത്രം അവർ വല്ലാതെ വിഷമിച്ചു.*

*ധനികയായതിനാൽ തന്നെ ചികിത്സിക്കാൻ പട്ടണത്തിലെ പേരെടുത്ത വൈദ്യനെ തന്നെ അവർ വരുത്തി. തന്റെ കാഴ്ച ശക്തി തിരികെ കിട്ടിയാൽ വലിയൊരു തുക പ്രധിഫലമായി നൽകാമെന്ന് അവർ വൈദ്യനെ അറിയിച്ചു. വൈദ്യൻ സമ്മദിച്ചു. പിറ്റേന്ന് തന്നെ ചികിത്സ തുടങ്ങി.*

*ദിവസവും വൈദ്യൻ വൃദ്ധയുടെ വീട്ടിൽ വന്ന് ചികിത്സിക്കും. വൃദ്ധക്ക് കാഴ്ചയില്ലല്ലോ! അതു മുതലാക്കി തിരിച്ചു പോകുമ്പോഴെല്ലാം വൈദ്യൻ വൃദ്ധയുടെ വീട്ടിൽ നിന്ന് വിലപിടിപ്പുള്ള ഓരോരോ വസ്തുക്കൾ മോഷ്ടിച്ചു കൊണ്ടുപോയി. ഇതൊന്നും വൃദ്ധ അറഞ്ഞതേയില്ല.*

*ഒരു പാട് നാളുകൾ കഴിഞ്ഞപ്പോൾ വൃദ്ധക്ക് കാ്ച തിരിച്ചു കിട്ടി. അപ്പോൾ തന്റെ വീട്ടിലെ വിലപിടിച്ച വസ്തുക്കൾ കാണാനില്ലെന്ന് കണ്ട് വൃദ്ധ അമ്പരന്നു.തന്റെ അന്ധത മുതലെടുത്ത് ആ വസ്തുക്കൾ വൈദ്യൻ മോഷ്ടിച്ചതാലാണെന്ന് വൃദ്ധ മനസ്സിയാക്കി. തട്ടിപ്പു മനസ്സിലാക്കി അവർ വൈദ്യനു നൽമെന്ന പ്രതിഫലം നൽകിയില്ല.*

*തനിക്ക് തരാമെന്നേറ്റ പ്രതിഫലം കിട്ടില്ലെന്നായപ്പോൾ*

*വൈദ്യൻ കോടതിയിൽ പരാതി ബോധിപ്പിച്ചു. ന്യായാധിപൻ ഇരുവരെയും കോടതിയിൽ വിളിപ്പിച്ചു.*
*ന്യായാധിപൻ ചോദിച്ചു: "ഇയാൾ പറയുന്നത് സത്യമാണോ? കാഴ്ച തിരിച്ചുകിട്ടിയാൽ നിങ്ങൾ ഇയാൾക്ക് ഭീമമായ പ്രധിഫലം നൽകാമെന്നേറ്റിരുന്നല്ലോ എന്നിട്ടെന്തേ പ്രതിഫലം നൽകിയില്ല?"*

*ന്യായാധിപരേ അയാൾ പറഞ്ഞത് ശരിയണ്. കാഴ്ച തിരിച്ചു കിച്ചിയാൽ അയാൾക്ക് ഞാൻ വലിയൊരു തുക കൊടുക്കാമെന്നു വാഗ്ധാനം ചെയ്തിതിന്നു." വൃദ്ധാ പറഞ്ഞു.*

*എന്നിട്ടെന്തു കൊണ്ട് നിങ്ങളതു ചെയ്തില്ല? വാഗ്ദാന ലംഘനം വിശ്വാസ വഞ്ചനയാണ്. അതിനെനിക്ക് കാഴ്ച ശക്തി തിരിച്ചു കിട്ടിയിട്ടില്ലല്ലോ വൃദ്ധാ പറഞ്ഞു.*

*എന്ത് നിങ്ങൾ കാഴ്ച തിരിച്ചു കിട്ടിയിട്ടില്ലെന്നോ! നിങ്ങൾ കള്ളം പറയുകയാണോ?*

*ഞാൻ സത്യമാണ് പറയുന്നത് ന്യായാധിപരേ........ വൃദ്ധാപറഞ്ഞു തുടങ്ങി. എനിക്ക് കാഴ്ച തിരിച്ചുകിട്ടിയിരുന്നുവെങ്കിൽ വീട്ടിലെ വിലപിടിപ്പുള്ള വസ്തുക്കൾ ഞാൻ കാണേണ്ടതല്ലേ? ഒരു പാടുണ്ടായിരുന്നു അവ. അവയൊന്നും ഇപ്പോൾ എനിക്ക് കാണാൻ കഴിയുന്നില്ല.അതിനർത്ഥം കാഴ്ച തിരിച്ചു കിട്ടിയിട്ടില്ല എന്നല്ലേ?........*
*പിന്നെന്തിന് ഞാൻ പ്രതിഫലം നൽകണം?*

*വൃദ്ധായുടെ വാക്കുകലിൽ നിന്ന് വൈദ്യന്റെ കപട്യം മനസ്സിലാക്കിയ കോടതി അയാൾക്ക് ഉചിതമായ ശിക്ഷ വിധിച്ചു. വൈവൈദ്യനെ മോഷ്ടാവ് എന്ന് പറയാതെ അയാളുടെ കാപട്യം കോടതിയിൽ തെളിയിച്ച വൃദ്ധാ വീട്ടിലേക്കു മടങ്ങി.*

## പ്രളയം



**അക്ഷയ്**

മഴ മഴ കൊണ്ടൊരു മഹാമാരി
ഭൂമിതൻ മടിത്തട്ടിൽ മഹാമാരി
മാരികൊണ്ടൊരു മഹാപ്രളയം

ധരയെ ആശ്രയിച്ച ജീവിച്ചീടും
മക്കളെ വാസമില്ലാതാക്കുമൊരു പ്രളയം
ആശ്രയമില്ലാതെ തൊഴുതു നിൽക്കുന്നു

നിൻ മക്കൾ അമ്മേ ധരണി.
നിൻ ആശ്രയിച്ചമ്മേ.......

# പ്രളയത്തിൽ എനിക്കുണ്ടായ അനുഭവം



എന്റെ ഒരു വലിയ ഗ്രാമമായിരുന്നു. ഇപ്പോൾ പ്രളയം വന്നപ്പോൾ നാടും വീടും നശിച്ചു പോയി.എന്തിന്, വീടുകളും കാടുകളും എന്നിങ്ങനെ കുറെ ദുരന്തം,ഉരുൾപോട്ടി,എത്ര പേരുടെ മരണം കണ്ടു,എത്ര ജീവികൾ ചത്തുകിടക്കുന്ന നിലയിൽ, എന്നിങ്ങനെ കുറെ ദുരന്തങ്ങൾ പ്രളയത്തിൽ പലർക്കും പലരുടെയും വീടുകൾ നഷ്ടമായി,അവർ പല ക്യാമ്പുകളിൽ അഭയം തേടി.പലരും മരിച്ച നിലയിൽ പലരുടെയും ബന്ധുക്കാർ നഷ്ടപ്പെട്ടു.പലരുടെയും ജീവിതം വഴിയാതാരമായി.എനിക്ക് വളരെയധികം വിഷമം തോന്നി.എന്റെ സാമ്പ ത്തിക നില മോശമാണ് ഇല്ലെങ്കിൽ ഞാൻ  എല്ലാവരെയും പണം കൊടുത്തെങ്കിലും സഹായിച്ചേനെ.....

സൗഫിയ

## ഇ -മുകുളങ്ങൾ



# നന്ദി........

# ഇ -മുകുളങ്ങൾ

# ഇ -മുകുളങ്ങൾ

# ഇ -മുകുളങ്ങൾ

# ഇ -മുകുളങ്ങൾ

# ഇ -മുകുളങ്ങൾ

ഇ -മുകുളങ്ങൾ